**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1137** **14-03-2022 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് റോഡുകളിലെ കുഴികളിൽ വീണുള്ള അപകടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ നവീകരണപ്പണികൾക്കായി എടുത്ത കുഴികളിൽ വീണ് അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം വിശദ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; | (എ) | പൊതുമരാമത്ത് റോഡുകളുടെ നവീകരണ പ്രവൃത്തികൾക്കായി എടുത്ത കുഴിയിൽ വീണ് അപകടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് നവീകരണ പ്രവൃത്തികളുടെ ഭാഗമായി എടുക്കുന്ന കുഴിയിൽ വീണ് അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | മേൽനോട്ട സംവിധാനങ്ങളുടെ നിരുത്തരവാദിത്തവും അനാസ്ഥയും ഇത്തരം അപകടങ്ങൾക്ക് കാരണമാകുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | പൊതുമരാമത്ത് റോഡുകളുടെ നവീകരണ പ്രവൃത്തികൾക്കായി എടുത്ത കുഴിയിൽ വീണ് അപകടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് നവീകരണ പ്രവൃത്തികളുടെ ഭാഗമായി എടുക്കുന്ന കുഴിയിൽ വീണ് അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കൊയിലാണ്ടി-താമരശ്ശേരി പാതയിലെ ചുങ്കം വെഴപ്പൂരിൽ കലുങ്ക് നിർമ്മാണത്തിന് എടുത്ത കുഴിയിൽ വീണ് ബൈക്ക് യാത്രികന് ഗുരുതരമായി പരിക്കേറ്റ സംഭവത്തിൽ ഉത്തരവാദികളായവർക്ക് എതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; ഇത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | കൊയിലാണ്ടി – താമരശ്ശേരി പാതയിലെ ചുങ്കം വെഴപ്പൂരിൽ കലുങ്ക് നിർമ്മാണത്തിനെടുത്ത കുഴിയിൽ വീണ് ബൈക്ക് യാത്രികൻ ഗുരുതരമായി പരിക്കേറ്റ സംഭവത്തിൽ ആയതിന് ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറെ അടിയന്തിരമായി സ്ഥലം മാറ്റുകയുണ്ടായി. സർക്കാർ നിർദ്ദേശം അനുസരിച്ച് പൊതുമരാമത്ത് വിജിലൻസ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു. റോഡിൽ കുഴികൾ |

| | | | |
|---|---|---|---|
| | | | എട്ടുള്ള പ്രവൃത്തികൾ നടത്തുമ്പോൾ ചുറ്റും ബാരിക്കേഡുകൾ സ്ഥാപിച്ചും മുന്നറിയിപ്പ് ബോർഡുകൾ വച്ചും ആവശ്യമായ വെളിച്ചം ഉറപ്പാക്കിയും പ്രവൃത്തി നടത്തുന്നതിന് ഫീൽഡ് ഓഫീസർമാർക്കും കരാറുകാർക്കും കർശന നിർദ്ദേശം നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ